(ബി) എല്ലാദിവസവും സർവ്വീസ് നടത്തുന്ന രീതിയിൽ രണ്ട് ബസ് അനുവദിച്ച് ഈ സർവ്വീസ് പുനരാരംഭിക്കാമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി-ചെമ്പേരി സർവ്വീസ് സ്ഥിരമായി നിറുത്തലാക്കിയിട്ടില്ല. ബസ്സുകളുടെ അഭാവംമൂലം താൽക്കാലികമായി ഓടാതിരിക്കുകയാണ്.

(ബി) ബസ്സുകളുടെ ലഭ്യത മെച്ചപ്പെടുമ്പോൾ ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

തിരുവല്ല-കുറ്റൂർ-ഓതറ-കോഴഞ്ചേരി-പത്തനംതിട്ട ബസ് സർവ്വീസ്

840. [1034] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല-കുറ്റൂർ-ഓതറ-കോഴഞ്ചേരി-പത്തനംതിട്ട സർവ്വീസ് എന്ന് ആരംഭിച്ചു ;

(ബി) ഈ സർവ്വീസ് എത്ര നാൾ ഓപ്പറേറ്റ് ചെയ്തു ;

(സി) ഇപ്പോൾ ഈ സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ പ്രദേശത്തെ ആളുകൾക്ക് ജില്ലാ ആസ്ഥാനവുമായി ബന്ധപ്പെടുവാനുള്ള ഏക സർവ്വീസ് എന്നത് പരിഗണിച്ച് ഇതു കൃത്യമായി ഓടിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 13-6-1984-ൽ ആരംഭിച്ചു.

(ബി) 19-5-1986 വരെ മുടക്കം കൂടാതെ ഓപ്പറേറ്റു ചെയ്തു.

(സി) ഇല്ല.

(ഡി) വാഹനങ്ങളുടെ ദൗർലഭ്യംമൂലമാണ് ഓപ്പറേറ്റു ചെയ്യാൻ സാധിക്കാത്തത്.

(ഇ) വാഹനങ്ങളുടെ ലഭ്യത മെച്ചപ്പെടുന്നതനുസരിച്ച് ഈ സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ചെങ്ങന്നൂർ-ഓതറ-കുമ്പനാട് ബസ്സ് സർവ്വീസ്

841. [1035] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ-ഓതറ-കുമ്പനാട് സർവ്വീസ് ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണോ ;

(ബി) എങ്കിൽ കാരണമെന്ത് ;

(സി) ഈ സർവ്വീസ് കൃത്യമായി ഓപ്പറേറ്റ് ചെയ്തത് വിദ്യാർത്ഥികളടക്കമുള്ള പൊതുജനങ്ങളുടെ യാത്രാക്ലേശം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്.

(ബി) വാഹനങ്ങളുടെ ദൗർലഭ്യമാണ് കാരണം

(സി) വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly